**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 222** **24-02-2026 - ൽ മറുപടിയ്ക്ക്**

**ചെമ്മീൻ പീലിങ് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചെമ്മീൻ പീലിങ് തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ചെമ്മീൻ പീലിങ് തൊഴിലാളികൾ നേരിടുന്ന പ്രയാസങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെയാണ് നോക്കികാണുന്നത്. പീലിംഗ് ഷെഡ്ഡുകളിലെ നിലവിലെ സ്ഥിതി പ്രവർത്തനം, തൊഴിൽ സാഹചര്യം, മറ്റ് പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മധ്യമേഖല) എറണാകുളം ചെയർമാനായും, കൊല്ലം, എറണാകുളം, മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാർ മെമ്പർമാരായും, ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറായും ഒരു സമിതിയെ നിയോഗിച്ചിരുന്നു. സമിതി ചെറുകിട പീലീംഗ് ഷെഡ് തൊളിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ, പീലീംഗ് ഷെഡുകളുടെ അവസ്ഥ എന്നിവ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ആയത് പരിശോധിച്ച് വരുകയുമാണ്.<br><br>കൂടാതെ ലേബർ കമ്മീഷണർ ഓഫീസും, ഫിഷറീസ് വകുപ്പും സംയുക്തമായി പീലിംഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു സമിതി രൂപീകരിച്ചിരുന്നു. ഹരിപ്പാട്, ആമ്പലപ്പുഴ, ചേർത്തല പ്രദേശങ്ങളിലെ അസി.ലേബർ ഓഫീസർമാർ സമിതി അംഗങ്ങൾക്കൊപ്പം ചെമ്മീൻ പീലിംഗ് ഷെഡുകൾ സന്ദർശിച്ച് ജനുവരി മാസത്തിൽ പരിശോധന നടത്തുകയുണ്ടായി. ആലപ്പുഴ ജില്ലയിലെ മറ്റ് പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന പീലിംഗ് ഷെഡ്ഡുകളിലും സമിതി അംഗങ്ങൾക്കൊപ്പം പരിശോധന നടത്തി പീലിംഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് ലേബർ കമ്മീഷണർ ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മത്സ്യബോർഡിന്റെ അനുബന്ധ മത്സ്യത്തൊഴിലാളികളുടെ പട്ടികയിൽ ചെമ്മീൻ പീലിങ് തൊഴിലാളികളെ ഉൾപ്പെടുത്തി. അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സാമ്പത്തിക സാമൂഹ്യ ഉന്നമനത്തിനുമായി വിവിധ ക്ഷേമപദ്ധതികൾ മത്സ്യബോർഡ് മുഖേന ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. |
| (ബി) | ചെമ്മീൻ പീലിങ് തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (ബി) | 1. കാലാവസ്ഥ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നതിന് സർക്കാർ അനുവദിക്കുന്ന ആശ്വാസ ധനസഹായം ക്ഷേമനിധി അംഗത്വമുള്ള അനുബന്ധത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകി വരുന്നുണ്ട്.<br><br>2. മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസങ്ങളിൽ അവരുടെ ജീവസന്ധാരണത്തിനായും മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യ ശീലം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയും നടപ്പിലാക്കുന്ന പദ്ധതിയാണ് മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി. ഒരു നിശ്ചിത തുക (പരമാവധി 1500/- രൂപ) വീതം പദ്ധതിയിൽ അംഗമാകുന്നവരിൽ നിന്നും ശേഖരിക്കുകയും പിന്നീട് മറൈൻ മേഖലയിലെ പഞ്ഞ മാസങ്ങളായ മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഇൻലാന്റ് മേഖലയിലെ പഞ്ഞ മാസങ്ങളായ ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ തുല്യ വിഹിതമായ യഥാക്രമം 1500/- രൂപ വീതം ഉൾപ്പെടുത്തി ആകെ 4500/- രൂപ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ടി പദ്ധതിയിൽ ക്ഷേമനിധി അംഗത്വമുള്ള അനുബന്ധത്തൊഴിലാളി കുടുംബങ്ങളും ഉൾപ്പെടുന്നു.<br><br>3. പീലിംഗ് തൊഴിലാളികളായ സ്ത്രീകൾക്ക് ചികിത്സ ധനസഹായം അനുവദിക്കുന്നതിന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രൊപ്പോസൽ സമർപ്പിക്കുകയും 2026-27 ബഡ്ജറ്റിൽ ആയത് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>35-നും 60-നും ഇടയിൽ പ്രായമായ സ്ത്രീകളാണ് ചെമ്മീൻ പീലിങ് തൊഴിൽ മേഖലയിലെ ഭൂരിഭാഗം പേരും. മത്സ്യബോർഡ് തയ്യാറാക്കുന്ന അനുബന്ധത്തൊഴിലാളി പട്ടികയിൽ ആണ് പീലിങ് തൊഴിലാളികളെ ഉൾപ്പെടുത്തിയിരിക്കുന്നത്. അനുബന്ധത്തൊഴിലാളികളുടെയും, അവരുടെ കുടുംബങ്ങളുടെയും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലിടങ്ങളിൽ മെച്ചപ്പെട്ട |

| | | | |
|---|---|---|---|
| | | | അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി സർക്കാർ ഗ്രാന്റ് വിനിയോഗിച്ച് കൊണ്ടുള്ള 4 പദ്ധതികൾ ഉൾപ്പെടെ 31 ക്ഷേമപദ്ധതികൾ മത്സ്യബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>തൊഴിലിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളിലുള്ള പോരായ്മ, ആരോഗ്യ പരിശോധനകൾ നടത്താനുള്ള വിമുഖത, പ്രായം തുടങ്ങിയ പ്രതികൂല സാഹചര്യങ്ങളാൽ പീലിങ് തൊഴിൽ മേഖലയിലുള്ള പലർക്കും വിവിധ രോഗങ്ങൾ സാധാരണമാണ്. പീലിങ് തൊഴിലാളി സമൂഹത്തിന്റെ ആരോഗ്യ സുരക്ഷ മുൻനിർത്തി മത്സ്യ ബോർഡിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും, ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിക്കുകയും, ബോർഡിന്റെ തനത് പദ്ധതിയായ മാരകരോഗ ചികിത്സ പദ്ധതിയിലൂടെയും സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന സാന്ത്വനതീരം പദ്ധതിയിലൂടെയും ചികിത്സാവശ്യത്തിന് ധനസഹായം അനുവദിക്കുകയും ചെയ്യുന്നുണ്ട്. മത്സ്യബോർഡ് ആലപ്പുഴ മേഖലാ പരിധിയിലെ എഴുപുന്ന, അമ്പലപ്പുഴ എന്നിവിടങ്ങളിൽ ചെമ്മീൻ പീലിങ് തൊഴിലാളികൾക്ക് മാത്രമായി രണ്ട് മെഡിക്കൽ ക്യാമ്പുകൾ നടത്തിയിരുന്നു. |
| (സി) | പീലിങ് തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിക്കുക, പി.എഫ്., ഇ.എസ്.ഐ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുക എന്നീ ആവശ്യങ്ങൾ നടപ്പാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ? | (സി) | പീലിങ് തൊഴിലാളികകളുടെ കൂലി വർദ്ധനവ്, പി.എഫ്., ഇ.എസ്.ഐ തുടങ്ങിയ കാര്യങ്ങളിൽ നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടി ലേബർ കമ്മീഷണർ ഓഫീസും ഫിഷറീസ് വകുപ്പും ചേർന്ന് രൂപീകരിച്ച സംയുക്ത സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിക്കുക, പി.എഫ്, ഇ.എസ്.ഐ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുക എന്നീ ആവശ്യങ്ങളിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| **അനുബന്ധത്തൊഴിലാളി ക്ഷേമപദ്ധതികൾ** | | |
|---|---|---|
| | **പദ്ധതി** | **ധനസഹായ തുക** |
| 1 | വാർദ്ധക്യകാല പെൻഷൻ | 2000/- രൂപ /Month |
| 2 | <u>**ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി**</u> | |
| | അപകടമരണം | 10,00,000/- രൂപ |
| | അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത | 10,00,000/- രൂപ |
| | അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത | 5,00,000/- രൂപ |
| | അപകടം മൂലം പരിക്ക് പറ്റി 24 മണിക്കൂറിൽ കൂടുതൽ ആശുപത്രിയിൽ കിടത്തി ചികിൽസിയ്ക്കുന്നതിന് | 50,000/- രൂപ |
| | അപകട മരണമടഞ്ഞ അനുബന്ധത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/- രൂപ വീതം ഒരാൾക്ക് പരമാവധി 10,000/- രൂപ |
| | ശവസംസ്കാര ചെലവ് | 2,500/- രൂപ |
| 3 | അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി | 15,000/- രൂപ |
| 4 | പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി | 750/- രൂപ |

| | | |
|---|---|---|
| 5 | എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് | |
| | സംസ്ഥാന തലത്തിൽ എല്ലാ വിഷയങ്ങളിലും എ + നേടുന്നവർക്ക് | 5,000/- രൂപ |
| | സംസ്ഥാന തലത്തിൽ 9 വിഷയങ്ങളിൽ എ + നേടുന്നവർക്ക് | 4,000/- രൂപ |
| | സംസ്ഥാന തലത്തിൽ 8 വിഷയങ്ങളിൽ എ + നേടുന്നവർക്ക് | 3,000/- രൂപ |
| | റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്നഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലെയും) ക്യാഷ് അവാർഡിന് പുറമേ മെറിറ്റ് സർട്ടിഫിക്കറ്റുകളും മൊമെന്റോയും നൽകുന്നതാണ്. | 3,000/- രൂപ |
| 6 | മാരകരോഗ ചികിൽസാ പദ്ധതി<br>പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും<br>1. ഹൃദ്രോഗം<br>2. വൃക്കരോഗം<br>3. കാൻസർ<br>4. തളർവാതം<br>5. മാനസിക രോഗം<br>6. ഗർഭാശയം സംബന്ധമായ രോഗം | <br><br>25,000/- രൂപ<br>25,000/- രൂപ<br>25,000/- രൂപ<br>10,000/- രൂപ<br>10,000/- രൂപ<br>5,000/- രൂപ |
| 7 | വിവാഹ ധനസഹായ പദ്ധതി | 25,000/രൂപ |
| 8 | കുടുംബ സംവിധാന പദ്ധതി | 500/- രൂപ |
| 9 | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി .<br>ഹയർ സെക്കന്ററി (+2) , വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ലഭിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം | 5000/- രൂപ |
| 10 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് തീരുമാന പ്രകാരം<br>(പരമാവധി 50,000/- രൂപ) |

| | | |
|---|---|---|
| 11 | മത്സ്യഅനുബന്ധതൊഴിൽ ചെയ്തുകൊണ്ടിരിക്കുന്നതിനിടിയിൽ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണം | 1,00,000/- രൂപ |
| 12 | അനുബന്ധത്തൊഴിലാളിയുടെ ആശ്രിതരുടെ മരണത്തോടനുബന്ധിച്ച് ചെലവുകളിലേക്കുള്ള ധനസഹായം | 2000/-രൂപ |
| 13 | അപകടം മൂലം ഉണ്ടാവുന്ന താൽക്കാലിക അവശത | പരമാവധി 500/- രൂപ |
| 14 | അനുബന്ധത്തൊഴിലാളികൾക്ക് ചെയർമാൻസ് റിലീഫ് ഫണ്ട് | പരമാവധി 5000/- രൂപ |
| 15 | കായിക വിനോദ മത്സരങ്ങളിൽ വിജയം നേടുന്ന അനുബന്ധത്തൊഴിലാളിയുടെ മക്കൾക്ക് പ്രോത്സാഹന പദ്ധതി | പരമാവധി 10000/- രൂപ |

**പ്രത്യേക പദ്ധതികൾ**

| | | |
|---|---|---|
| 1 | തണൽ പദ്ധതി **(**മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി) (ഒരു തൊഴിലാളിക്ക്) | 1350/-രൂപ |

| 2. **സാന്ത്വനതീരം പദ്ധതി (മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി/ പെൻഷണർമാർ )** | | |
|---|---|---|
| ക്രമ നമ്പർ | രോഗചികിൽസ | ധനസഹായതുക (പ്രതിവർഷം പരമാവധി) |
| 1 | ഹൃദ്രോഗം | 50,000/- രൂപ |
| 2 | വൃക്കരോഗം/ഡയാലിസിസ് | 50,000/- രൂപ |
| 3 | കരൾരോഗം | 20,000/- രൂപ |
| 4 | കാൻസർ | 50,000/- രൂപ |
| 5 | കണ്ണ് ചികിൽസ | **10**,000/- രൂപ |
| 6 | സ്ട്രോക്ക്, തളർവാതം, കിടപ്പുരോഗം | 20,000/- രൂപ |
| 7 | മത്സ്യബന്ധന വേളയിൽ കൈകാലുകൾ മുറിഞ്ഞ് പോകുന്ന അവസ്ഥ | 10,000/- രൂപ |
| 8 | ഓട്ടിസം ചികിത്സാ (മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക്) | **2**0,000/- രൂപ |

| | | |
|---|---|---|
| 9 | ഗർഭാശയ സംബന്ധമായ രോഗം (സ്ത്രീ മത്സ്യത്തൊഴിലാളി, അനുബന്ധ തൊഴിലാളി) | 10,000/- രൂപ |

**ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയ പദ്ധതികൾ**

**14 പുതിയ പദ്ധതികൾ**

**(മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും)**

| ക്രമ നമ്പർ | മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി | ധനസഹായ തുക (രൂപ) |
|---|---|---|
| 1 | അംഗവൈകല്യം സംഭവിച്ച തൊഴിലാളിക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം | 25,000/-രൂപ |
| 2 | 60 വയസ്സ് കഴിഞ്ഞവരെ (പെൻഷണർമാരെ) ആദരിക്കു ന്നതിനുള്ള പദ്ധതി | 10,000/-രൂപ വീതം (54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 3 | പ്രതിഭകളെ ആദരിക്കുന്ന പദ്ധതി | 40,000/-രൂപ (14 ജില്ലകൾക്കും) |
| 4 | ചെയർമാന്റെ ദുരിതാശ്വാസ നിധി | 25,000 /-രൂപ (പരമാവധി) |
| 5 | ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ. | ബോർഡ് തീരുമാന പ്രകാരം |
| 6 | സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായി ധനസഹായം നൽകുന്ന പദ്ധതി. | 1,00,000/-രൂപ |
| 7 | ക്ഷേമനിധി അംഗങ്ങളുടെ ഭാര്യയ്ക്കും ഭർത്താവിനും മൈനറായ കുട്ടികൾക്കും മാരകരോഗം സംഭവിച്ചാൽ ചികിൽസാ സഹായം നൽകുന്നതിനുള്ള പദ്ധതി | 25,000/-രൂപ |
| 8 | ഗ്രന്ഥശാല/ വായനശാല നവീകരിക്കുന്നതിനുള്ള പദ്ധതി | 20,000 /-രൂപ ( 54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 9 | മത്സ്യബോർഡിനു വേണ്ടി രക്ഷാസേന രൂപീകരിക്കൽ | 5,000/- രൂപ ( 54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 10 | മത്സ്യ,അനുബന്ധത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി | 15,000/-രൂപ ( 14 ജില്ലകൾക്ക്) |
| 11 | മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി | 1,00,000/-രൂപ (പരമാവധി) |
| 12 | കായിക വിനോദ മത്സരത്തിൽ ഉന്നത വിജയം നേടുന്നവർക്ക് തുടർ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി | 50,000/-രൂപ |
| 13 | അന്താരാഷ്ട്ര കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന് | 1,00,000/-രൂപ |

| | | |
|---|---|---|
| | യാത്രാചെലവിനായി ധന സഹായം നൽകുന്ന പദ്ധതി | |
| 14 | യൂണിവേഴ്സിറ്റി നടത്തുന്ന ബിരുദ, ബിരുദാനന്തര പരീക്ഷകളിൽ ഒന്ന് , രണ്ട്, മൂന്ന് റാങ്ക് നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള പദ്ധതി | ഒന്നാം റാങ്ക് 10,000/- രൂപ<br>രണ്ടാം റാങ്ക് 9000/- രൂപ<br>മൂന്നാം റാങ്ക് 8000/- രൂപ |